വക്ക്സ് കമ്മിറ്റികൾ.

* 387. [14] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലേയും വക്ക്സ് കമ്മിറ്റികൾ 1955-മാണ്ടു തുടങ്ങിയിട്ടു് ഒരു തവണയെങ്കിലും കൂടിയിട്ടുണ്ടോ;

(ബി) ആണ്ടിൽ എത്ര തവണ കൂടണമെന്നാണു് വ്യവസ്ഥയുള്ളതു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ആകെ 21 സബ്ഡിവിഷൻ കമ്മിറ്റികൾ ഉള്ളതിൽ 5 എണ്ണം ഒഴിച്ചു് ബാക്കിയുള്ള കമ്മിറ്റികൾ കൂടിയിട്ടുണ്ടു്.

(ബി) ആറു തവണ.

ശ്രീ. ആർ. പ്രകാശം : എത്ര സബ്ഡിവിഷൻ കമ്മിറ്റി ഉണ്ടെന്നാണു് പറഞ്ഞതു്?

ശ്രീ. കെ. ഐ. വേലായുധൻ : 21 സബ്ഡിവിഷൻ കമ്മിറ്റികൾ.

ശ്രീ. ആർ. പ്രകാശം : 5 കമ്മിറ്റികൾ ഇതിനകം കൂടിയിട്ടില്ലെന്നു പറഞ്ഞു. അവ ഏതെല്ലാമാണെന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അവ ഏതെല്ലാമാണെന്നുള്ളതിലേക്കു് ഒരു പ്രത്യേക ചോദ്യം അയച്ചിരിക്കണം.

ശ്രീ. ആർ. പ്രകാശം : സർ, ഈ ചോദ്യത്തോടു ബന്ധപ്പെട്ടുനിന്നുകൊണ്ടുള്ളതിനുകൂടി പ്രത്യേകം ചോദ്യം ചോദിക്കണമെന്നു പറയുന്നതു് ശരിയാണോ?

മി. സ്പീക്കർ : പ്രത്യേകം ചോദ്യം ചോദിക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെടുന്നപക്ഷം അങ്ങനെ ചെയ്യേണ്ടതാണു്.

ശ്രീ. ആർ. പ്രകാശം : 1951 ജൂലായ്ക്കുശേഷം ആറിങ്ങൽ വക്ക്സ് കമ്മിറ്റി കൂടിയിട്ടില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ കൂടിയിട്ടില്ലെന്നു് അറിവു കിട്ടിയിട്ടില്ല. കമ്മിറ്റി കൂടിയിട്ടില്ലായെങ്കിൽ കാരണമെന്താണെന്നു് അന്വേഷിക്കാം. കമ്മിറ്റികൾ വിളിച്ചുകൂട്ടേണ്ട ചുമതല സബ്ഡിവിഷനാഫീസർക്കാണു്. ഒരുപക്ഷേ കോറം തികയാത്തതുകൊണ്ടോമറ്റോ ആയിരിക്കാം കമ്മിറ്റി കൂടാൻ സാധിക്കാതിരുന്നിട്ടുള്ളതു്. എന്തായാലും ആ കാര്യത്തെപ്പറ്റി അന്വേഷണം നടത്താം.

ശ്രീ. സി. എ. മാത്യു : ഒരുപക്ഷേ സബ്ഡിവിഷനാഫീസരുടെ ഉദാസീനതകൊണ്ടാണെങ്കിൽ വേണ്ട നടപടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ഐ. വേലായുധൻ : വേണ്ട നടപടി എടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. മാധവൻ നായർ : ഭരണ പരിഷ്കാര കമ്മിറ്റിയെപ്പറ്റി ഏതെങ്കിലും പരാതികൾ ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആ കമ്മിറ്റിയെപ്പറ്റി പരാതി കിട്ടിയതായി അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഒരു കൊല്ലത്തിൽ ആറു തവണ കൂടണമെന്ന് വ്യവസ്ഥയുണ്ടെന്നു പറഞ്ഞു. ആ വ്യവസ്ഥയനുസരിച്ചു ഓരോ കമ്മിറ്റിയും ആറു പ്രാവശ്യംവീതം സമ്മേളിക്കുന്നുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആറു തവണ കൂടണമെന്നാണ് വ്യവസ്ഥയുള്ളത്. ചിലപ്പോൾ കൂടേണ്ട ആവശ്യം ഇല്ലാത്തതുകൊണ്ടും മറ്റും ആറു തവണയും കൂടിയില്ലെന്നു വരാം.

ശ്രീ. ടി. കെ. ദിവാകരൻ : ഉത്തരത്തിൽ പറയുന്ന 21 സബ് ഡിവിഷൻ കമ്മിറ്റികളും ആണ്ടിൽ ആറു തവണ കൂടിയിട്ടുണ്ടെന്നാണോ പറയുന്നത് ?

ശ്രീ. കെ. ഐ. വേലായുധൻ : എന്റെ കൈവശത്തുള്ള രേഖയനുസരിച്ച് അഞ്ചെണ്ണമെങ്കിലും അങ്ങനെ ചെയ്യുന്നുവെന്നാണ് കാണുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെയാണെങ്കിൽ ആറന്മുള സബ്ഡിവിഷൻകമ്മിറ്റി ഒരാണ്ടിൽ എത്ര തവണ, അതായത് കഴിഞ്ഞ വർഷത്തിൽ എത്ര തവണ കൂടിയിട്ടുണ്ടെന്നുള്ളതിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശം വല്ല വിവരവും ഉണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതുസംബന്ധിച്ചു ഞാൻ മുമ്പു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ആർ. പ്രകാശം : സർ, ബഹുമാനപ്പെട്ട മെംബറന്മാരോട് റിലവൻറായിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുമ്പോൾ ആ ചോദ്യവുമായി ബന്ധപ്പെട്ടതല്ലെന്നു പറഞ്ഞ് പ്രത്യേകം ചോദ്യം അതിലേക്കുണ്ടാ ആവശ്യപ്പെടുന്നത് ശരിയാണോ ?

മി. സ്പീക്കർ : ചോദ്യങ്ങൾ ചോദിക്കുമ്പോൾ അവ റിലവൻറാണോ അതോ അല്ലയോ എന്നു നോക്കേണ്ടത് സ്പീക്കറാണ്. ചോദിക്കുന്ന ചോദ്യങ്ങൾക്ക് കിട്ടുന്ന മറുപടികൊണ്ട് തൃപ്തിപ്പെടേണ്ടതാണ്.

ശ്രീ. ആർ. പ്രകാശം : സംസ്ഥാനത്തിലെ വർക്സ് കമ്മിറ്റികളിൽ 21 എണ്ണത്തിൽ 5 എണ്ണം കൂടിയിട്ടില്ലെന്നു പറഞ്ഞു. അവ ഏതെല്ലാമെന്നു ചോദിക്കുന്നതു റിലവൻറല്ലേ ?

മി. സ്പീക്കർ : റിലവൻറാണെങ്കിലും അതിനു മറുപടി പറയാൻ ഉള്ള രേഖ കൈവശമില്ലെന്നു പറഞ്ഞ സ്ഥിതിക്ക് വീണ്ടും അതേപ്പറ്റി എടുത്തുചോദിക്കുന്നതു റിലവൻറല്ല.

ശ്രീ. കെ. എ. ബാലൻ : ഈ വർക്സ് കമ്മിറ്റികൾ തുടങ്ങിയിട്ടുള്ളതു എന്നാണ് ?

ശ്രീ. കെ. ഐ. വേലായുധൻ : ബഹുമാനപ്പെട്ട മെംബറും ആ കമ്മിറ്റികളിൽ ഒന്നിലെ അംഗമായതുകൊണ്ട് ഞാൻ ഈ ചോദ്യത്തിനു ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കൊച്ചുകുഞ്ഞു് : വർക്ക്സ് കമ്മറ്റി കൂടുന്നതിനെ സംബന്ധിച്ചും കൂടിയാൽ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ചും വളരെ അനാസ്ഥ കാണിക്കുന്നതു് ആറ്റിങ്ങൽ ഉള്ള വർക്ക്സ് കമ്മറ്റിയെപ്പറ്റിയാണെന്നുള്ള വിവരം അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ബഹുമാനപ്പെട്ട മെംബർ പറഞ്ഞപ്പോഴാണു് മനസ്സിലായതു്.

ക്രെഡിറ്റ്ബാങ്ക് ലോൺ.

✱ 388. [15] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ക്രെഡിറ്റ് ബാങ്കിൽനിന്നും ഏപ്രിൽമാസം തൊട്ടു് എത്രപേർക്കു ലോൺ അനുവദിച്ചിട്ടുണ്ടു് ;

(ബി) പതിനായിരം രൂപയ്ക്കുമേൽ കടംവാങ്ങിയവരുടെ പേരു് പറയുവാൻ ദയവുണ്ടാകുമോ ;

(സി) ഏറ്റവും കുറഞ്ഞ ലോൺ എടുത്തിട്ടുള്ളവരെത്ര ;

(ഡി) 1950–നുശേഷം ലോൺ എടുത്തിട്ടുള്ളവരിൽ അടച്ചുതീർത്തവരും, ഒട്ടും അടയ്ക്കാത്തവരും എത്ര പേരുവീതമുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ ക്രെഡിറ്റ് ബാങ്കിൽ നിന്നും കഴിഞ്ഞ ഏപ്രിൽമാസം തൊട്ടു് 88 പേർക്കു് ലോൺ കൊടുത്തിട്ടുണ്ടു്.

(ബി) പതിനായിരം രൂപയ്ക്കുമേൽ കടം വാങ്ങിയിട്ടുള്ളതു് ആറു പേരാണു്. പേരുവിവരം രഹസ്യമായതിനാൽ വെളിപ്പെടുത്തുന്നതു് ബാങ്കിന്റെ കൺവെൻഷനു് വിപരീതമാണു്.

(സി) മൂന്നു പേർ.

(ഡി) മുഴുവനും അടച്ചുതീർത്തിട്ടുള്ളവർ 12. ഒട്ടും അടയ്ക്കാത്തവർ ആരും ഇല്ല.

ശ്രീ. പി. കുഞ്ഞൻ : വലിയ തുക കടം വാങ്ങിയിട്ടുള്ളവർ തക്കതായ ജാമ്യം കൊടുത്തിട്ടില്ലെന്നും, തക്ക ജാമ്യം കൊടുത്തിട്ടുള്ളവർക്കു് ലോൺ കൊടുത്തിട്ടില്ലെന്നും അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി എനിക്കു് അറിയാൻ പാടില്ല.

ശ്രീ. പി. കുഞ്ഞൻ : ആ കാര്യത്തെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്താൻ ഗവണ്മെൻറ് തയ്യാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കാര്യത്തിൽ ഗവണ്മെൻറ് ഇടപെടണമെന്നു് വിചാരിക്കുന്നതു ശരിയാണെന്നു് തോന്നുന്നില്ല. എന്തെന്നാൽ, തിരുവിതാംകൂറിലെ നിയമസഭ പാസ്സാക്കിയ ഒരു നിയമം അനുസരിച്ചു് പ്രവർത്തനം നടത്തുന്ന ഒരു സ്റ്റാട്ടൂട്ടറി ബാങ്കാണു് ക്രെഡിറ്റ് ബാങ്കു്. അതിന്റെ നടപടിക്രമങ്ങൾ എല്ലാംതന്നെ ഒരു നിയമമനുസരിച്ചാണു നടത്തുന്നതു്. ആ സ്ഥിതിക്കു് ഗവണ്മെൻറിനു് ഒരു കാരണവശാലും ഈ ബാങ്കിനെ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly